## FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**
**06 January 2017 / 06 Rabi-'ul-Aakhir 1438 Hijira)**

### VOICES FROM THE UNSEEN / അദൃശ്യനിൽ നിന്നുള്ള വചനങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **അദൃശ്യനിൽ നിന്നുള്ള വചനങ്ങൾ** എന്ന വിഷയത്തെക്കുറിച്ച് തന്റെ വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇപ്പോൾ അല്ലാഹു (തയുടെ അനുഗ്രഹത്താൽ രണ്ട് സംഘങ്ങളുണ്ട്. ഒന്ന് നമ്മുടെ സംഘം അതായത് പ്രസ്തുത സംഘം സത്യ സംഘമാണെന്ന് പൂർണ്ണവിശ്വാസത്തോടെ കരുതുന്നു. അതുപോലെ എതിർ സംഘം, അവരുടെ അതിർ ലംഘനങ്ങളിലൂടെ എല്ലാവിധ നിർലജ്ജമായ പ്രവർത്തനങ്ങളും, വ്യാജാരോപണങ്ങളും അവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു എന്ന നിലയിൽ പ്രവർത്തിക്കുന്നു. സാത്താൻ അവരുടെ ഹൃദയങ്ങളിൽ നട്ടുവളർത്തിയിരിക്കുന്നു. അതായത് ഞങ്ങളെ സംബന്ധിച്ചടത്തോളം എല്ലാവിധത്തിലുള്ള ഏഷണികളും ദോഷാരോപണങ്ങളും അനുവദനീയമാണ്; നീതീക്ക് അവിടെ ഒരു സ്ഥാനവുമില്ല ; അതൊരു നല്ല പ്രവർത്തി ആണെങ്കിൽ പോലും !

ആയതിനാൽ അവരുമായി മത്സരിക്കുന്നതിനുള്ള എല്ലാവിധ പ്രയത്നങ്ങളും നാം ഒഴിവാക്കേണ്ടതാണ്. നമ്മുടെ ദർശനം അല്ലാഹുവിന്റെ വിധിയിലേക്ക് തിരിക്കുക. നമ്മെ സംബന്ധിച്ചടത്തോളം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതാണ് ഉത്തമമായ കാര്യം ; പാപമോചനത്തിനായി അവനോട് അർത്ഥിക്കുക. എതിർ സംഘത്തിന്റെ കുറ്റം പറച്ചിലിനും ആഭാസതരത്തിനും ചെവികൊടുക്കാതെ (പ്രാർത്ഥനയിൽ മുഴുകുക) നമ്മുടെ ജമാഅത്ത് മനസ്സിലാക്കിയിരിക്കേണ്ട കാര്യം, ഞാൻ വ്യക്തമായ നിലയിൽ ഉപദേശിക്കുന്ന കാര്യം അനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. എപ്പോഴെങ്കിലും ഒരു ചിന്ത എന്നിൽ വന്നാൽ, അതൊരു പക്ഷേ, ഈ ലോകവുമായി ബന്ധിതമാകാം.(വിവാഹം / ദാമ്പത്യം) അത് നിർവ്വഹിക്കുന്നതാണ്. ചില കാര്യങ്ങൾ ശാരീരിക സൗന്ദര്യത്തെ അടിസ്ഥാനമാക്കിയാകാം. ചിലപ്പോൾ കുടുംബത്തെ ആസ്പദമാക്കിയാകാം. അല്ലെങ്കിൽ വസ്തുവകകളെ സംബന്ധിച്ചാകാം, അതുമല്ലെങ്കിൽ അധികാരത്തെക്കുറിച്ചാകാം. എന്തായാലും, അല്ലാഹു (ത) ഈ കാര്യങ്ങളെകുറിച്ചു പരിഗണിക്കുന്നില്ല. അവൻ വ്യക്തമായി കല്പിച്ചിരിക്കുന്നു. **അല്ലാഹുവിന്റെ പക്കൽ, തീർച്ചയായും നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു (49:14)**

അതായത്, അല്ലാഹുവിന്റെ വീക്ഷണത്തിൽ അവൻ മാത്രമാണ്, ഏറ്റവും ബഹുമാനിതൻ, കാരണം അവൻ സമാദരണീയനാണ്, സത്യവാനാണ്. അപ്പോൾ അല്ലാഹു നല്ലവരുടെ സംഘത്തെ സംരക്ഷിക്കുന്നതാണ്. അവരുടെ വഴിയിൽ എണ്ണമറ്റ പരീക്ഷണങ്ങൾ വന്നാൽ പോലും ! മറ്റു സംഘത്തെ അവൻ നശിപ്പിക്കുന്നതാണ് . ഇതൊരു ഗഹനമായ കാര്യമാണ്. ഇവർക്ക് രണ്ടു പേർക്കും ഒരു മിച്ച് ഒരു സ്ഥലത്ത് നില്ക്കുവാൻ സാധിക്കുകയില്ല. വിശിഷ്യ മാന്യതയുടെ സ്ഥാനത്ത് ! സത്യവാന് അസത്യവാനും അശുദ്ധനുമായവന്റെ അതേ സ്ഥാനത്ത് നിലയുറപ്പിക്കുവാൻ കഴിയുകയില്ല. ദുർവൃത്തനെ നശിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കാരണം നല്ലവൻ ആരാണെന്ന കാര്യം നല്ലതുപോലെ അറിയുന്നവൻ അല്ലാഹു മാത്രമാണ്; അതുകൊണ്ട് ഇതൊരു സംഭ്രമജനകമായ സാഹചര്യമാണ്. സത്യവാൻ ഭാഗ്യവാൻ തന്നെ; അസത്യവാൻ ദൗർഭാഗ്യവാനും !

ചിലർ ചിന്തിക്കുകയാണെങ്കിൽ , അവരിൽ പഠിപ്പുള്ളവരും, വെളിപാട് ലഭിക്കുന്നവരും ഉണ്ട് ! അത് അവരുടെ ഭാവനയിലുള്ള ഒരു കള്ളക്കഥ മാത്രമാണ്. ഇതിൽ നിന്ന് അവർക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നതല്ല. മനുഷ്യനിലനില്പിന്റെ ലക്ഷ്യ പ്രാപ്തിക്ക് അത് പ്രയോജനകരമല്ല. ഓർക്കുക ! ഒരു കാര്യത്തിൽ അല്ലാഹു തൃപ്തനാകുന്നതുവരെ, അവന്റെ അറിവോ, വെളിപാടോ അവന് പ്രയോജനം ചെയ്യുന്നതല്ല. മൂത്രപുരയുടെ തൊട്ടടുത്തു നില്ക്കുന്നവന്, ആദ്യമെ തന്നെ ദുർഗന്ധം അനുഭവിക്കേണ്ടി വരും ! അവന്റെ ചുറ്റും സുഗന്ധം പൂശിയിട്ടുണ്ടെങ്കിലും ! അതുകൊണ്ട് അവന് എന്തു പ്രയോജനമാണുള്ളത് ? അല്ലാഹുമായിട്ടവൻ സാമീപ്യം നേടിയില്ലെങ്കിൽ, അവന് ഒന്നും കണ്ടെത്തുവാൻ കഴിയുകയില്ല. അല്ലാഹുമായി അടുത്തു നില്ക്കുവാനുള്ള വഴി തഖ്‌വ മാത്രമാണ്. (അതായത് സത്യസന്ധത, നിസ്വാർത്ഥത, അല്ലാഹുവിലുള്ള ഭയം) സത്യമായ ശബ്ദം ശ്രവിക്കുന്നതിനായി, ഒരുവൻ സത്യവാനായി തീരേണ്ടനുണ്ട് ? ഞാൻ അനേകരെ കണ്ടിട്ടുണ്ട്, അവർ കേൾക്കുന്ന ഓരോ ശബ്ദവും, വെളിപാടാണ് എന്നു പറയുന്നു. അത് അർത്ഥരഹിതമായ സ്വപ്നങ്ങളായാൽ പോലും ! അവർ കേൾക്കുന്ന ശബ്ദങ്ങൾ നിശ്ചയമായും കേൾക്കുന്നു. എന്നാൽ നമുക്ക് പറയുവാൻ കഴിയുകയില്ല ; ഓരോ ശബ്ദവും അല്ലാഹുവിന്റെ ശബ്ദമാണ് എന്ന് ! അല്ലാഹുവിന്റെ പരിശുദ്ധ സന്ദേശത്തിന്റെ പരിശുദ്ധ തേജസ്സും അനുഗ്രഹവും അതിൽ വഹിക്കാത്തടത്തോളം കാലം അത് അല്ലാഹുവിന്റെ ശബ്ദമാണ് എന്ന് ഉത്ഘോഷിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഇത്തരം വെളിപാടുകൾ വാദിക്കുന്നവർ, അവർ അത്തരം വെളിപാടുകളെ പരിശോധനാ വിധേയമാക്കേണ്ടതാണ്. മനസ്സിലാക്കണം !

ചില ശബ്ദങ്ങൾ സമ്പൂർണ്ണമായും പൈശാചികമായിരിക്കും ! അതുകൊണ്ടാണ് ചില ശബ്ദങ്ങൾകൊണ്ട് ബുദ്ധിമാൻമാരെ കബളിപ്പിക്കുവാൻ കഴിയാത്തത്. ആന്തരീക മായ മാലിന്യവും, അഴുക്കും നീക്കം ചെയ്യപ്പെടുന്നവരെ, പരിപൂർണ്ണ പരിശുദ്ധിയാകുന്ന തഖ്വ നേടുവാൻ സാധിക്കുകയില്ല. ആ സമുന്നത സ്ഥാനത്തെത്തുവാൻ അവന് സാധി ക്കുകയില്ല. ആ സ്ഥാനത്തെത്തുമ്പോൾ ഈ ലോകം ഒരു ചത്ത കീടത്തെക്കാളും താഴെ യായി അവൻ ദർശിക്കും. അപ്പോൾ അല്ലാഹു മാത്രമായിരിക്കും ലക്ഷ്യമായിട്ടുള്ളത്. അപ്പോൾ ഓരോ വാക്കും ഓരോ പ്രവർത്തിയും ലക്ഷ്യ സാക്ഷാത്ക്കാരത്തിനു വേണ്ടി ആയിരിക്കും. ആ സ്ഥാനത്ത് എത്തി മുന്നോട്ട് പോകുമ്പോൾ, എവിടെയാണോ അവൻ എത്തിയത്, അവിടെ നിന്ന് അവന്റെ അല്ലാഹുവിന്റെ ശബ്ദങ്ങൾ അവൻ ശ്രവിക്കുന്നു. അപ്പോൾ ആ ശബ്ദം അവന്റെ യഥാർത്ഥ ശബ്ദമായിരിക്കും. കാരണം ഈ സമയത്ത് അവൻ എല്ലാ അശുദ്ധിയിൽ നിന്നും മുക്തനായിരിക്കും.

ചുരുക്കത്തിൽ, ഇത് വെറും ശബ്ദത്താൽ സ്ഥാപിക്കുവാൻ കഴിയുന്ന കാര്യമല്ല ; ചില പരമ്പരാഗത പുസ്തകങ്ങൾ വായിക്കുന്നതിലൂടെ നേടാവതല്ല. മറിച്ച് യഥാർത്ഥവും സത്യവുമായ പാതയിലൂടെ ശരിയാക്കേണ്ട ഒരു കാര്യമാണിത്. ദൈവീക സഹായ പാത എന്നാണിത് അറിയപ്പെടുന്നത്. അതിനുമാത്രമെ ഇതു തീരുമാനിക്കുവാൻ കഴിയുകയു ള്ളു. ദൈവം തീരുമാനം നടപ്പിലാക്കലാണിത്. ഒരു വ്യക്തി അല്ലാഹുവിന്റെ മുമ്പിൽ ഒരു സ്ഥാനത്ത് നില്ക്കുന്നു ; അവൻ എല്ലാവിധ അശുദ്ധിയിൽ നിന്നും മുക്തനാണ് ;

ഹസ്രത് മൂസ, ഹസ്രത ഈസ, ഹസ്രത് നൂഹ്, ഹസ്രത് ഇബ്റാഹിം അതുപോലെ മറ്റു പ്രവാചകന്മാരും (അ) അതോടൊപ്പം ഹസ്രത് ഇബ്റാഹീം അതുപോലെ മറ്റു പ്രവാചക ന്മാരും (അ) അതോടൊപ്പം ഹസ്രത് മുഹമ്മദ് (സ)യും കേട്ട, ആ പരിശുദ്ധ ശബ്ദങ്ങൾ, അവനും കേൾക്കുന്നു. ഞാൻ പറയുന്നത് സത്യമാണ്. ഈ സത്യത്തിന് വേണ്ടി ഒരു മനു ഷ്യന്റെ സഹായവും ആവശ്യമില്ല. ഈ ശബ്ദങ്ങളുടെ ദൃഷ്ടാന്തങ്ങളുടെ പ്രാവർത്തിക തയ്ക്ക് ഒരു മനുഷ്യന്റെയും സഹായം ആവശ്യമില്ല. മറിച്ച് അല്ലാഹു (ത) താൻ തന്നെ അത്ത രമാളുകളുടെ തേജസ്സ് പ്രദർശിപ്പിക്കുന്നു. ഇതെല്ലാം വളരെ നിഗൂഢമായ കാര്യങ്ങളാണെ ങ്കിലും, അറിവിന്റെ രഹസ്യങ്ങളിൽ ഇതും ഉൾക്കൊള്ളിച്ചിരിക്കുന്നു. സുഗന്ധവും ദുർഗ ന്ധവും അവയുടെ വിവിധ വീഥിയിലൂടെ തിരിച്ചിറിയുവാൻ കഴിയുന്നതാണ്. ഒരു നല്ല വൃക്ഷത്തെ പല രീതിയിലും മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. അതിനെ അതിന്റെ ഇലകളിലൂടെ വേണമെങ്കിലും മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ബുദ്ധിമാനായ ഒരു മനുഷ്യൻ വസ്തുക്കളുടെ സത്യത പല രീതിയിലും മനസ്സിലാക്കുന്നതാണ്. തെമ്മാടിത്തം ആയിരം കവറുകളിൽ മൂടിയതായിരിക്കും അതുപോലെ തഖ്വ ആയിരം കവറുകളിൽ മറഞ്ഞിരിക്കും. എന്നാൽ അവയുടെ അടയാളങ്ങളും സന്ദർഭങ്ങളും ഏതാണ് എന്ന് സൂചി പ്പിച്ചിരിക്കും !

ഒരു തെമ്മാടി തന്റെ തെമ്മാടിത്തം മറഞ്ഞിരിക്കുന്ന ഒരു കാര്യമായിരിക്കുവാൻ ആഗ്രഹിക്കുന്നു. അതുപോലെ സ്വാത്വികൻ തന്റെ സ്വാത്വികതയും മറഞ്ഞിരിക്കുവാൻ ആഗ്രഹിക്കുന്നു. തഖ്‌വയുടെ യാഥാർത്ഥ്യത്തെക്കുറിച്ച് പറഞ്ഞാൽ, അത് മാലാഖമാർക്കു പോലും അതെക്കുറിച്ചറിയില്ല. അങ്ങനെയിരിക്കെ മറ്റൊരാൾക്കെങ്ങനെ അറിയാനാണ് ?

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ അല്ലാഹു (ത) യുമായുള്ള സാമീപ്യത്തിന്റെ തീവ്രതയും അവസ്ഥയും, അല്ലാഹുവല്ലാതെ മറ്റൊരാൾക്കും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയായി അവശേഷിക്കുന്നു. ഹസ്രത് അബൂബക്കർ (റ) നോ ഹസ്രത് അലി (റ) നോ അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ അതറിയുകയില്ല. അദ്ദേഹത്തിന്റെ സമ്പൂർണ്ണ ഭൗതിക ലോക വിരക്തി, അല്ലാഹുവിലുള്ള സമ്പൂർണ്ണമായ അഭയം, ചത്ത പ്രാണിയെക്കാൾ നിസ്സാരമായ ഒരു സൃഷ്ടിയാണെന്നുള്ള തന്റെ തോന്നൽ, ഇവയൊന്നും മറ്റൊരാൾക്കും കാണാൻ കഴിയാത്ത വസ്തുതകളാണ് എന്നാൽ ദൈവത്തിന്റെ സ്ഥിരപ്പെടുത്തലിലൂടെ കാര്യങ്ങൾ ദർശിക്കുമ്പോൾ, അവർക്ക് തീർച്ചയായും ഒരു നിഗമനത്തിലെത്തി ചേരുവാൻ കഴിയുന്നതാണ് ; അതായത് അദ്ദേഹം അല്ലാഹു (ത) മായി യഥാർത്ഥമായ, ശക്തിമത്തായ ഒരു ബന്ധം വളർത്തിയെടുത്തിരുന്നു എന്ന് ! അതുപോലെ പരമോന്നതനായ അല്ലാഹു അദ്ദേഹവുമായി ഒരു അസമാനതയും കൈക്കൊണ്ടിരുന്നില്ല എന്നും !

പ്രസംഗം ശ്രവിച്ച നിങ്ങളെ എല്ലാവരേയും അല്ലാഹു (ത) അനുഗ്രഹിക്കട്ടെ ! നേർപാതയിൽ അവൻ നിങ്ങളെ നയിക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**